ചീഫ് എൻജിനീയറുടെ കാര്യാലയം
തദ്ദേശസ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ളക്സ്, മൂന്നാം നില
പബ്ലിക്ക് ആഫീസ് ബിൽഡിംഗ്,
തിരുവനന്തപുരം-33

Phone : 0471-2324951
0471-2325071
TeleFAX:0471-2324951
email: celsgd@gmail.com
website: www.celsgd.com

**വളരെ അടിയന്തിരം**

നം: ഇ7/3195/2015/സിഇ/തസ്വഭവ — തീയതി: 27.04.2016

**സർക്കുലർ**

സർ,

വിഷയം:- തസ്വഭവ - 2016-17 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് വിഹിതം ലഭ്യമാക്കുന്നത് - സംബന്ധിച്ച്

സൂചന:- ധനകാര്യ വകുപ്പിൽ നിന്നും ലഭിച്ച നിർദ്ദേശം

സർക്കാരിന്റെ ഉത്തരവ് പ്രകാരം 2016-17 സാമ്പത്തിക വർഷം മുതൽ ജീവനക്കാരുടെ ആനുകൂല്യങ്ങൾ, ഓഫീസ് ചെലവുകൾ, നിർമ്മാണ പ്രവൃത്തികളുടെ തുകകൾ എന്നിവയുടെ ബഡ്ജറ്റ് വിഹിതം BAMS (Budget Allocation and Management System) മുഖേന ഓൺലൈനായി നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കൂടാതെ BAMS ൽ നിന്നും ലഭിക്കുന്ന അലോട്ട്മെന്റ് സ്വീകരിച്ച് BiMS (Bills information and Management System) മുഖേന Bill Generation നടത്തി ബില്ലുകൾ ട്രഷറിയ്ക്ക് സമർപ്പിക്കുന്നതിന് നിർദ്ദേശം ലഭിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ചുള്ള ട്രയിനിംഗ് എല്ലാ ഡി.ഡി.ഒ മാർക്കും ബന്ധപ്പെട്ട ട്രഷറികൾ മുഖേന ലഭിച്ചുവരുന്നുണ്ട്.

BAMS മുഖേന ബഡ്ജറ്റ് വിഹിതം ലഭ്യമാക്കുന്നതിനും അവ സബ്ഡിവിഷനുകളിലെ ഡി.ഡി.ഒ മാരായ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് വിതരണം ചെയ്യുന്നതിനുമായി ജില്ലാ പഞ്ചായത്തുകളിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെ സബ് കൺട്രോളിംഗ് ഓഫീസർമാരായി (SCO) നിയമിച്ചിട്ടുണ്ട്. ഇവരുടെ User ID ചുവടെ ചേർക്കുന്നു. അതാത് സബ് കൺട്രോളിംഗ് ഓഫീസർമാർ User ID, Password ഉപയോഗിച്ച് BAMS പേജ് തുറന്ന് Password മാറ്റം വരുത്തി സൂക്ഷിക്കേണ്ടതും ലഭിക്കുന്ന അലോട്ട്മെന്റ് ഡി.ഡി.ഒ മാർക്ക് നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതുമാണ്.

| Sl No. | District | User ID |
|---|---|---|
| 1 | Executive Engineer, District Panchayath, Thiruvananthapuram | 995A01 |
| 2 | Executive Engineer, District Panchayath, Kollam | 995A02 |
| 3 | Executive Engineer, District Panchayath, Pathanamthitta | 995A03 |
| 4 | Executive Engineer, District Panchayath, Alappuzha | 995A04 |
| 5 | Executive Engineer, District Panchayath, Kottayam | 995A05 |
| 6 | Executive Engineer, District Panchayath, Idukki | 995A06 |
| 7 | Executive Engineer, District Panchayath, Ernakulam | 995A07 |
| 8 | Executive Engineer, District Panchayath, Thrissur | 995A08 |

| | | |
|---|---|---|
| 9 | Executive Engineer, District Panchayath, Palakkad | 995A09 |
| 10 | Executive Engineer, District Panchayath, Malappuram | 995A10 |
| 11 | Executive Engineer, District Panchayath, Kozhikode | 995A11 |
| 12 | Executive Engineer, District Panchayath, Wayanad | 995A12 |
| 13 | Executive Engineer, District Panchayath, Kannur | 995A13 |
| 14 | Executive Engineer, District Panchayath, Kasaragod | 995A14 |

എന്നാൽ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ ഓഫീസുകൾ, കോർപ്പറേഷൻ/ മുനിസിപ്പാലിറ്റി എന്നിവിടങ്ങളിലെ എഞ്ചിനീയറിംഗ് വിഭാഗം ഓഫീസുകൾ, സൗത്ത്/ നോർത്ത് സൂപ്രണ്ടിംഗ് എഞ്ചിനീയർമാരുടെ ഓഫീസുകൾ എന്നിവിടങ്ങളിലെ ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനുള്ള അലോട്ട്മെന്റിന്റെ സബ് കൺട്രോളിംഗ് ഓഫീസർ ചീഫ് എഞ്ചിനീയർ തന്നെ ആയതിനാൽ ടി ഓഫീസുകളിലെ ഡി.ഡി.ഒ മാർക്ക് നേരിട്ട് ചീഫ് എഞ്ചിനീയർ തന്നെ അലോട്ട്മെന്റ് ലഭ്യമാക്കുന്നതാണ്. മേൽ സാഹചര്യത്തിൽ ടി ഓഫീസുകളിൽ അലോട്ട്മെന്റ് ലഭ്യമാകുന്ന മുറയ്ക്ക് ഡി.ഡി.ഒ മാർ BiMS മുഖേന Bill Generation നടത്തി ബില്ലുകൾ ട്രഷറിയ്ക്ക് സമർപ്പിക്കേണ്ടതാണ്. മേൽ വിവരങ്ങൾ സംബന്ധിച്ച സംശയദൂരീകരണത്തിനും മുകളിൽ സൂചിപ്പിച്ച User ID യുടെ Password ലഭിക്കുന്നതിനും ചീഫ് എഞ്ചിനീയർ ഓഫീസിലെ 0471-2324951 എന്ന നമ്പർ മുഖേന ഇ7 സെക്ഷനുമായി ബന്ധപ്പെടേണ്ടതാണ്.

ചീഫ് എഞ്ചിനീയർ

പകർപ്പ് :
1) എല്ലാ സൂപ്രണ്ടിംഗ് എഞ്ചിനീയർമാർക്കും
2) എല്ലാ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും
3) എല്ലാ മുനിസിപ്പൽ കോർപ്പറേഷൻ/മുനിസിപ്പാലിറ്റി എഞ്ചിനീയർമാർ
4) ചീഫ് എഞ്ചിനീയറുടെ വെബ്സൈറ്റ്
5) സ്റ്റോക്ക് ഫയൽ

} തുടർ നടപടികൾ സ്വീകരിക്കുന്നതിന് വേണ്ടി